പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187 — 5.11.2019 -ൽ മറുപടിയ്ക്ക്

## കേരള ടൂറിസം സംരംഭകത്വ ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. സജി ചെറിയാൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
| എ) | ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കുന്നതിനും പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നല്കിയിട്ടുണ്ടോ; | എ) | കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| ബി) | പുത്തൻതലമുറ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ധ്യവും ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നൽകുന്നതിന് ഈ സർക്കാരിന്റെ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പുത്തൻതലമുറ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കാനുള്ള ഉപദേശവും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തി നൽകുന്ന പദ്ധതിയാണിത്. ഇതിനായി സർക്കാരിന്റെ മുൻകൈയിൽ വെഞ്ചർ ഫണ്ട് രൂപീകരിക്കും. പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.<br>1. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്ന ഭാരതീയ ചെറുകിട വികസന ബാങ്ക് (സിഡ്ബി), വിദേശത്തും സ്വദേശത്തുമുള്ള ഏഞ്ചൽ ഫണ്ടുകൾ, സ്വകാര്യ ഫണ്ടുകൾ, സംസ്ഥാന ധനകാര്യ ഏജൻസികൾ മുതലായവയിൽ |

| | | | |
|---|---|---|---|
| | | | നിന്നും വിഭവ സമാഹരണം നടത്തി വെഞ്ചർ ഫണ്ടിനുള്ള കോർപ്പസ് ഫണ്ട് കണ്ടെത്തും. ടൂറിസം പദ്ധതികളിൽ നിന്നുള്ള ലാഭത്തിന്റെ ഒരു വിഹിതവും വെഞ്ചർ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടും.<br>2. പുത്തൻ സംരംഭകർക്കും നിലവിലുള്ള ഇടത്തരം സംരംഭകർക്കും വെഞ്ചർ ഫണ്ട് ലഭ്യമാക്കും.<br>3. മാനേജ്മെന്റ് വിദഗ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയ ശേഷമാകും ഫണ്ട് അനുവദിക്കുക.<br>4. ടൂറിസം രംഗത്ത് പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതിക സർവകലാശാലകളിൽ നിന്നും ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയം സംരംഭകരാകാൻ അവസരം ഒരുങ്ങും. |
| സി) | പദ്ധതികൾക്ക് പ്രവർത്തന വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | പദ്ധതികൾക്ക് പ്രവർത്തന വേഗതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും, നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ദ്രുതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. ഇവ വിവിധ ഘട്ടത്തിലാണ്.<br>• ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹു.ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും, സെക്രട്ടറി തലത്തിലും വകുപ്പ് ഡയറക്ടർ തലത്തിലും നടത്തി വരുന്നു.<br>• ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു.<br>• ഓരോ മൂന്നുമാസത്തിലൊരിക്കൽ ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും, പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും, കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.<br>• അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>• വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും, സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിട്ടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ, പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>14 ജില്ലകളിലേയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ